(എ) ത്രിതല പഞ്ചായത്തുകളിൽ ജനകീയാസൂത്രണ പരിപാടി പ്രകാരം വർക്കുകൾ നടത്തുന്നതിന് ജനകീയ കമ്മിറ്റികൾ രൂപീകരിക്കാതെ ബിനാമി പ്രവർത്തനങ്ങൾ നടത്തിയത് സംബന്ധിച്ച എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരാതികളിൻമേൽ എന്തെല്ലാം വിധത്തിലുള്ള അന്വേഷണങ്ങൾ നടത്തി;

(സി) ഇവയിൽ ഏതെല്ലാം ശരിയാണെന്ന് തെളിഞ്ഞു;

(ഡി) വർക്കുകൾ നടത്തുന്നതിന് ജനകീയാസൂത്രണ കമ്മിറ്റികൾ രൂപീകരിക്കാതെ ബിനാമി പ്രവർത്തനം നടത്തിയവരുടെ മേൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി),(സി)&(ഡി) പരാതിയുടെ സ്വഭാവമനുസരിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ജില്ലാ കലക്ടർമാർ, ഗവൺമെന്റ് സെക്രട്ടറി എന്നിവർ അന്വേഷണങ്ങൾ നടത്തിവരുന്നു. അന്വേഷണ റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

112 (1338) പോസ്റ്റൽ വോട്ട്

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് തെരഞ്ഞെടുപ്പിന് പോസ്റ്റൽ വോട്ട് ചെയ്യാൻ അർഹതയുള്ളത് ഏതെല്ലാം വിഭാഗത്തിലാണ്;

(ബി) അംഗവൈകല്യമുള്ളവർക്ക് പോളിംഗ് ബൂത്തിൽ എത്താനുള്ള ബുദ്ധിമുട്ട് പരിശോധിച്ച് ആ വിഭാഗത്തിന് പോസ്റ്റൽ വോട്ട് ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) 1995-ലെ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 21-ാം ചട്ടത്തിൽ പരാമർശിക്കുന്ന തെരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുള്ള സമ്മതിദായകർക്കു മാത്രമാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പോസ്റ്റൽ വോട്ടു ചെയ്യാൻ അർഹതയുള്ളത്.

(ബി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

113 (1339) അരുവാപ്പുലം പഞ്ചായത്തിലെ അഴിമതി

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ അരുവാപ്പുലം പഞ്ചായത്തിൽ മണൽ വാരാൻ അനുമതി നൽകിയതിലും, ജനകീയാസൂത്രണ പദ്ധതിപ്രകാരം പാവപ്പെട്ടവരുടെ വീട് വൈദ്യുതീകരിക്കുന്നതിന് ഉപകരണങ്ങൾ വാങ്ങിയതിലും

LIBRARY ARCHIVES Kerala Legislative Assembly

അഴിമതി നടന്നതിനെപ്പറ്റി വിജിലൻസ് അന്വേഷണത്തിന് ഉത്തരവായത് എന്നാണ്;

(ബി) ഡിപ്പാർട്ടുമെന്റൽ വിജിലൻസ് ആണോ അന്വേഷണം നടത്തുന്നത്;

(സി) പ്രാഥമികാന്വേഷണത്തിൽ കുറ്റകരമായ അഴിമതി നടന്നതായി തെളിഞ്ഞതുകൊണ്ടാണോ വിജിലൻസ് അന്വേഷണത്തിന് നടപടി കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ;

(ഡി) വിജിലൻസ് അന്വേഷണം പൂർത്തിയായോ ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണമെന്ത്;

(ഇ) നിയമപ്രകാരം വിജിലൻസ് അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാൻ സമയപരിധിയുണ്ടോ; എങ്കിൽ എത്ര നാൾ;

(എഫ്) അരുവാപ്പുലം പഞ്ചായത്തിലെ അന്വേഷണം പൂർത്തിയായി കുറ്റക്കാർക്കെതിരെ നടപടി എത്രയും വേഗം കൈക്കൊള്ളാനുള്ള ഉത്തരവ് നൽകാമോ?

ഉത്തരം

(എ) 28.1.99-ൽ ഉത്തരവായിട്ടുണ്ട്.

(ബി) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയാണ് അന്വേഷണം നടത്തുന്നത്.

(സി) പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ പ്രാഥമികാന്വേഷണത്തിൽ ക്രമക്കേടുകൾ നടത്തിയതായി പ്രഥമദൃഷ്ടിയിൽ ബോദ്ധ്യമായതിനാലാണ് കൂടുതൽ അന്വേഷണത്തിന് ഉത്തരവിട്ടത്.

(ഡി) പൂർത്തിയായിട്ടില്ല; അന്വേഷണം പുരോഗമിക്കുന്നു.

(ഇ) ഉണ്ട്; 3 മാസം.

(എഫ്) ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥർ നല്കിയിട്ടുണ്ട്.

114 (1340) പുതുപ്പള്ളി ഗ്രാമപഞ്ചായത്തിനുവേണ്ടി അനുവദിച്ച തുക

ശ്രീ. എ.കെ. മണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ പുതുപ്പള്ളി ഗ്രാമപഞ്ചായത്തിനുവേണ്ടി 1997-98 സാമ്പത്തിക വർഷത്തിൽ പശ്ചാത്തല മേഖലയ്ക്കുവേണ്ടി എത്ര രൂപയാണ് വകകൊള്ളിച്ചത്;

(ബി) ഇതിൽ 30.6.1998 വരെ എത്ര രൂപ ചെലവഴിച്ചു; ഇത് വകകൊള്ളിച്ച തുകയുടെ എത്ര ശതമാനം ആണ് ;

(സി) 1998-99 വർഷങ്ങളിൽ പശ്ചാത്തല മേഖലയ്ക്കുവേണ്ടി വകകൊള്ളിച്ച തുകയും 31.3.1999 വരെ ചെലവഴിച്ച തുകയും അതു വകകൊള്ളിച്ച തുകയുടെ എത്ര ശതമാനം ആണെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly